രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കാര്യാലയം
വഞ്ചിയൂർ, തിരുവനന്തപുരം.

## സർക്കുലർ

File No.IGR/3023/2017/RR(6) തീയതി : 02/08/2017

വിഷയം : രജിസ്ട്രേഷൻ വകുപ്പ് : കരാർ രജിസ്ട്രേഷനിലെ ബഹു.കേരള ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന : നികുതി (ഇ) വകുപ്പിന്റെ 22.11.2016 തീയതിയിലെ ഇ2/400/2016/റ്റി.ഡി നമ്പർ കത്ത്.

സംസ്ഥാനത്തൊട്ടാകെ കരാർ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന വേളയിൽ ബന്ധപ്പെട്ട കക്ഷികൾ രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന്റെ മുൻപാകെ ഹാജരായി ആധാരത്തിൽ ഒപ്പിടാത്തതുമൂലം നിരവധി പ്രശ്നങ്ങൾ നേരിടുന്നതായി കാണുന്നു. ടി വിഷയത്തിൽ ബഹു. കേരള ഹൈക്കോടതിയുടെ WP(C) 17141/2016 നമ്പർ കേസിന്റെ 15.07.2016 തീയതിയിലെ വിധിന്യായത്തിൽ പരാമർശമുള്ള വസ്തുതകൾ എല്ലാ രജിസ്റ്ററിംഗ് ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

കരാർ ആധാരങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നതിനായി ആധാരത്തിലെ കക്ഷികളെല്ലാം ബാദ്ധ്യസ്ഥരാണ്. ആയതിനാൽ ആധാര കക്ഷികളിൽ ആരെങ്കിലും ഫോട്ടോ പതിക്കാതെയും ഒപ്പിട്ട് സമ്മതം രേഖപ്പെടുത്താതെയും രജിസ്റ്റർ ചെയ്യുകയാണെങ്കിൽ ടി ആധാരം പൂർത്തീകരിച്ചതായി കാണുവാൻ കഴിയില്ല. കരാർ ആധാരങ്ങൾ ഉഭയസമ്മതപ്രകാരമുള്ള സ്വഭാവമാകയാൽ ആധാരത്തിൽ ഇരുകക്ഷികളും (both executant and claimant) രജിസ്റ്ററിംഗ് ഉദ്യോഗസ്ഥൻ മുൻപാകെ ഹാജരായി സമ്മതം രേഖപ്പെടുത്തേണ്ടതാണെന്നുള്ള വസ്തുത ശ്രദ്ധിക്കേണ്ടതാണ്. 1908 ലെ രജിസ്ട്രേഷൻ ആക്ട് വകുപ്പ് 34 പ്രകാരവും, 1958 ലെ കേരള രജിസ്ട്രേഷൻ ചട്ടം 191 (vii) പ്രകാരവും ആധാരം ഒപ്പിട്ടുകൊടുക്കുന്ന കക്ഷികൾ സബ് രജിസ്ട്രാർ മുമ്പാകെ ഹാജരായില്ലെങ്കിൽ കരാർ ആധാരം നിഷേധിക്കാവുന്നതാണ്. സൂചന കത്ത് ഉള്ളടക്കം ചെയ്തുകൊള്ളുന്നു.

www.eaadharam.in

(ഒപ്പ്/-)
**രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ**

അംഗീകാരത്തോടെ

**രജിസ്ട്രേഷൻ ജോയിന്റ് ഇൻസ്പെക്ടർ ജനറൽ**

പകർപ്പ് : എല്ലാ ജില്ലാ രജിസ്ട്രാർമാർക്കും (എല്ലാ രജിസ്റ്ററിംഗ് ഉദ്യോഗസ്ഥർക്കും അയച്ചുകൊടുത്ത് കൈപ്പറ്റ് വാങ്ങി സൂക്ഷിക്കേണ്ടതാണ്)

**IMMEDIATE**

GOVERNMENT OF KERALA

No.E2/400/2016/TD

Taxes (E) Department,
Thiruvananthapuram, Dated: 22.11.2016

From

The Additional Chief Secretary.

To

The Inspector General of Registration,
Thiruvananthapuram.

Sir,

Sub:- Taxes Department - Registration - Hon'ble High Court order relating to agreement - reg.

Ref:- The Judgement on WP(C)17141/16 filed by Shri.Sanjudas N.S.

I am to invite your attention to the reference cited and to request you to issue a detailed circular on the basis of the Hon'ble High Court Order relating to the Registration of document that both the seller and the buyer should be present before the Registration Officer to sign the document, and to circulate the same to all sub officers immediately, under intimation to Government.

Yours faithfully,
**Simi A.S.**
Under Secretary,
For Additional Chief Secretary

Approved for Issue,

Section Officer.